# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്ജില്ലാ
## ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 നവംബർ 16 ശനി

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ബാർ ലൈസൻസ് നൽകുന്നത് പുന:പരിശോധിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

പാറളം പഞ്ചായത്തിലെ കോടന്നൂർ വില്ലേജിൽ ബാർഹോട്ടലിന് ലൈസൻസ് നൽകാനുള്ള തീരുമാനം സർക്കാർ പുന:പരിശോധിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. ജനതാൽപര്യം കണക്കിലെടുത്ത് ബാർ ഹോട്ടലിനുള്ള അപേക്ഷ നിരസിക്കാവുന്നതാണെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് ഉത്തരവിൽ പറഞ്ഞു. സമീപവാസികളെയും ഹോട്ടലിന് അപേക്ഷ നൽകിയ അപേക്ഷകനെയും കേൾക്കണമെന്നും കമ്മീഷൻ എക്സൈസ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. ജി.ഒ നമ്പർ 31/13 എന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ലൈസൻസിനുള്ള അപേക്ഷയിൽ ജനതാൽപര്യത്തിന് ഊന്നൽകൊടുത്ത് നിയമപ്രകാരം നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ എക്സൈസ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. കോടന്നൂരിൽ ബാർ ലൈസൻസ് അനുവദിക്കുന്നതിനെതിരെ 2008 മുതൽ സമരത്തിലാണെന്ന് ബാർ വിരുദ്ധപൗരസമിതി കൺവീനർ എ.ടി. പോൾസൺ പരാതിയിൽ വ്യക്തമാക്കി. തുടർന്ന് 2013 ൽ ബാറിനുള്ള അപേക്ഷ നിരസിച്ച് സർക്കാർ ഉത്തരവിട്ടുവെന്നു എന്നാൽ ഫോറിൻ ലിക്വർ റൂൾസ് 39-ാം ചട്ടപ്രകാരം വീണ്ടും ഇതേ കെട്ടിടത്തിൽ ബാർലൈസൻസിനു അപേക്ഷ നൽകിയിട്ടുണ്ടെന്നും പരാതിയിൽ പറയുന്നു. 2013 ൽ സർക്കാർ ഉത്തരവ് നൽകിയ സാഹചര്യത്തിൽ പരാതിവിഷയം സർക്കാർ പഠനവിധേയമാക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

## സഹകരണ സംഘങ്ങളുടെ കൂട്ടായ്മ

## പുനരധിവാസത്തിന് ഗുണമായത്

പ്രളയകാലത്ത് സഹകരണ സംഘങ്ങൾ കൂട്ടായി നിന്നത് പുനരധിവാസത്തിന് ഗുണം ചെയ്തുവെന്ന് ഗവ ചീഫ് വിപ്പ് അഡ്വ കെ രാജൻ. കുന്നംകുളത്ത് 66-മത് അഖിലേന്ത്യാ സഹകരണ വാരാഘോഷത്തോടനുബന്ധിച്ച് നടത്തിയ ജില്ലാ തല സഹകാരി സംഗമവും സെമിനാറും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് സാമ്പത്തിക ഞെരുക്കമുണ്ടായപ്പോഴും കേരളത്തിലെ സഹകരണ ബാങ്കുകളും അനുബന്ധ സ്ഥാപനങ്ങളും പ്രതിസന്ധിയിൽ പെടാതെ നിലനിന്നത് തികച്ചും ജനകീയമായ പങ്കാളിത്തത്തിന്റെ തെളിവാണ്. സാധാരണക്കാർക്ക് ആശ്രയിക്കാവുന്ന സഹകരണ സ്ഥാപനങ്ങൾ നാടിന്റെ നേർവെളിച്ചമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കുന്നംകുളം നഗരസഭ ചെയർപേഴ്സൻ സീതാ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രസംഗ പ്രബന്ധ മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. നഗരസഭാ വൈസ് ചെയർമാൻ പി എം സുരേഷ്, വാർഡ് കൗൺസിലർ പി ഐ തോമസ്, തൃശൂർ എസ് സി ബി പ്രസിഡന്റ് എം കെ കണ്ണൻ, പി എ സി എസ് അസോസിയേഷൻ സെക്രട്ടറി കെ മുരളീധരൻ, ജോസഫ് ചാലിശേരി, ഗീത ഉദയശങ്കർ, ജോയ് മാളിയേക്കൽ എന്നിവർ സംസാരിച്ചു.

തുടർന്ന് കെയർഹോം സി ഡി പ്രകാശനവും ''വിജയഗാഥകളിലൂന്നിയുള്ള പുന: പരിശീലനവും വിദ്യാഭ്യാസവും'' എന്ന വിഷയത്തിൽ പ്രബന്ധാവതരണവും തൃശൂർ ഗവ. ലോ കോളേജ് അസി. പ്രൊഫ. ലിനിപ്രിയ വാസവൻ നിർവഹിച്ചു. തൃശൂർ ജില്ലാ സഹകരണ ബാങ്ക് കൺകറന്റ് ഓഡിറ്റർ ഗ്ലാഡി ജോൺ പുത്തൂർ മോഡറേറ്ററായിരുന്നു. തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ പി ബി സിന്ധു, സുകു കെ ഇട്ടേശ്യൻ, ഷോബിൻ തോമസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. തൃശൂർ ജോയിന്റ് രജിസ്ട്രാർ ജനറൽ ടി കെ സതീഷ്കുമാർ സ്വാഗതവും തൃശൂർ സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ ടി ഹരിദാസ് നന്ദിയും പറഞ്ഞു.

# ചാവക്കാട് ബീച്ച് ഫെസ്റ്റിന് ഡിസംബർ 19ന് തുടക്കം

ജില്ലാ സ്പോർട്സ് കൗൺസിലും ചാവക്കാട് നഗരസഭയും സംയുക്തമായി നടത്തുന്ന ത്രിദിന ബീച്ച് ഫെസ്റ്റിവൽ ഡിസംബർ 19 ന് ആരംഭിക്കും. നഗരസഭയിൽ ചേർന്ന യോഗത്തിൽ ബീച്ച് ഫെസ്റ്റിവൽ കായിക പരിപാടികൾക്ക് നഗരസഭാ ചെയർമാൻ എൻ കെ അക്ബറിന്റെ അധ്യക്ഷതയിൽ സംഘാടക സമിതി രൂപീകരിച്ചു. വോളിബോൾ, ബാസ്കറ്റ്ബോൾ, കബഡി തുടങ്ങിയ വിവിധ കായിക മത്സരങ്ങളാണ് സംഘടിപ്പിക്കുന്നത്.

# നക്ഷത്ര തിളക്കവുമായി ഒല്ലൂർ വൈലോപ്പിള്ളി സ്മാരക വി എച് എസ് എസ്

ഒല്ലൂർ വൈലോപ്പിള്ളി സ്മാരക വി എച് എസ് എസ് സ്കൂളിന് കൃഷി വകുപ്പിന്റെ മൂന്ന് ജില്ലാ തല അവാർഡുകൾ ലഭിച്ചു. 2018-19 കാലഘട്ടത്തിലെ മികച്ച ഹയർ സെക്കണ്ടറി സ്കൂളിനുള്ള തൃശൂർ ഈസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ അവാർഡ് സ്കൂളിന് ലഭിച്ചപ്പോൾ മികച്ച പ്രിൻസിപ്പലിനുള്ള അവാർഡ് വിജന എ വിയ്ക്കും മികച്ച ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർക്കുള്ള അവാർഡ് രേണുക കെ പിക്കും ലഭിച്ചു.

മികച്ച ഹരിത വിദ്യാലയം, തൃശൂർ കോർപറേഷന്റെ മികച്ച കാർഷിക സ്കൂൾ എന്നീ പദവികളും വൈലോപ്പിള്ളി സ്മാരക വി എച് എസ് എസ് സ്വന്തമാക്കി. പി ടി എ അവാർഡ് ദാനവും, അനുമോദന യോഗവും ചീഫ് വിപ് അഡ്വ കെ രാജൻ ഉദ്ഘാടനം ചെയ്തു. ഡിവിഷൻ കൗൺസിലർ സി പി പോളി അധ്യക്ഷത വഹിച്ചു. വിശന്നിരിക്കുന്ന കൂട്ടുകാർക്ക് ഒരു പൊതി ചോറ് എന്ന പദ്ധതിയും, കടുത്ത വേനലിലും കൃഷി മികവ്, പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന പദ്ധതിയ്ക്കും ഈ വിദ്യാലയം നടപ്പാക്കും. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കരോളിൻ ജോഷ്വ മുഖ്യാതിഥിയായി. വികസന സമിതി സെക്രട്ടറി ചെറിയാൻ ഇ ജോർജ്, പ്രിൻസിപ്പൽ സ്മിത കെ എസ്, ഹെഡ്മിസ്ട്രസ് മറീന ജോസ് അദ്ധ്യാപകർ വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# സാമൂഹ്യ സുരക്ഷാ പെൻഷൻ: മസ്റ്ററിങ്ങ് നാളെ (18) മുതൽ

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കുള്ള മസ്റ്ററിങ്ങ് നാളെ ( നവം. 18) മുതൽ 30 വരെ നടക്കും. മുഴുവൻ ഗുണഭോക്താക്കളും ആധാർ കാർഡ്, പെൻഷൻ ഐഡി നമ്പർ, മൊബൈൽ നമ്പർ എന്നിവ സഹിതം അടുത്തുള്ള അക്ഷയ സെന്ററിൽ മസ്റ്ററിങ്ങ് നടത്തണം. കിടപ്പ് രോഗികളുടെ മസ്റ്ററിങ്ങ് ഡിസംബർ 1 മുതൽ 5 വരെ അക്ഷയ കേന്ദ്രം പ്രതിനിധികൾ വീട്ടിലെത്തി നടത്തും. കിടപ്പ് രോഗികളുടെ വിവരങ്ങൾ കുടുംബാംഗങ്ങൾ ഈ മാസം 29 നകം പഞ്ചായത്ത് ഓഫീസിൽ ഹാജരാക്കണം. മസ്റ്ററിങ്ങ് സേവനത്തിന് ഫീസ് നൽകേണ്ടതില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

## ജാഗ്രതാ സമിതി : ശാക്തീകരണ ശിൽപശാല

പുതുക്കാട് ഗ്രാമപഞ്ചായത്ത് സംസ്ഥാന വനിതാ കമ്മീഷന്റെ സഹകരണത്തോടെ ജാഗ്രതാ സമിതി ശാക്തീകരണ ശിൽപശാല സംഘടിപ്പിച്ചു. പുതുക്കാട് അന്റോസ് ഹാളിൽ നടന്ന ശിൽപശാല വനിതാ കമ്മീഷൻ ചെയർപേഴ്സൺ എം സി ജോസഫൈൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി ശിവരാജൻ അധ്യക്ഷത വഹിച്ചു. സമൂഹത്തിൽ ജാഗ്രത സമിതികൾ എന്തിന് എന്ന വിഷയത്തിൽ സംസ്ഥാന വനിതാ കമ്മീഷൻ അംഗം അഡ്വ. ഷിജി ശിവജി ക്ലാസ്സെടുത്തു. 'പോസ്കോ പോസിറ്റീവ് പാരന്റിങ്' എന്ന വിഷയത്തിൽ വനിതാ കമ്മീഷൻ കൗൺസിലർ മാല രമണനും 'ജാഗ്രത സമിതിയും പോലീസും' എന്ന വിഷയത്തിൽ ഇരിങ്ങാലക്കുട വനിതാ പോലീസ് സ്റ്റേഷൻ എസ് ഐ ഉഷ അശോകനും സംസാരിച്ചു. ജില്ലാ പഞ്ചായത്ത് പൊതുമരാമത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ ജെ ഡിക്സൺ, പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബേബി കിടായിൽ, പഞ്ചായത്ത് അംഗങ്ങളായ സജിത്ത് കോമത്തുകാട്ടിൽ, ഗീത സുകുമാരൻ, മുരളി മഠത്തിൽ എന്നിവർ പങ്കെടുത്തു.

## മിഷൻ അന്ത്യോദയ: ജില്ലാതല പരിശീലനം

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തന മികവിനെ സംബന്ധിച്ച് പഠിക്കുന്നതിന്റെ ഭാഗമായി മിഷൻ അന്ത്യോദയ വിവരശേഖരണം സംബന്ധിച്ച് ജില്ലാതല പരിശീലനം നടത്തി. ആസൂത്രണ ഭവൻ ഹാളിൽ നടന്ന പരിശീലന പരിപാടി ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയപ്രകാശ് ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഡയറക്ടർ എ പി ഷോജൻ അധ്യക്ഷത വഹിച്ചു. എസ് ആർ ജി, വി വി സുധാകരൻ ആമുഖാവതരണം നടത്തി. മിഷൻ അന്ത്യോദയ എന്ത് എന്തിന് എന്നതിനെക്കുറിച്ച് ഡെപ്യൂട്ടി ജില്ലാ പ്ലാനിങ് ഓഫീസർ പി എ ഫാത്തിമ സംസാരിച്ചു. എസ് ആർ എസ് അഡിഷ്ണൽ ജില്ലാ ഓഫീസർ യു മഹേഷ്, ടെക്നിക്കൽ റിസർച്ച് അസിസ്റ്റന്റ് ടി എസ് സുരേഷ്, എം ഐ റിസർച്ച് ഓഫീസർ പി എൻ രതീഷ് തുടങ്ങിയവർ പങ്കെടുത്തു. അടിസ്ഥാന സൗകര്യം, മാനവ വികസനം, സാമ്പത്തിക പ്രവർത്തനം എന്നിവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ റാങ്ക് ചെയ്യുന്നതിനും ഗ്രാമങ്ങളിലെ പ്രശ്നങ്ങളും കുറവുകളും കണ്ടെത്തുന്നതിനുമായാണ് അന്ത്യോദയ സർവെ നടത്തുന്നത്.

## മനുഷ്യക്കടത്തിനെതിരെ ക്ലബ് രൂപീകരിച്ചു

മനുഷ്യക്കടത്തിനെതിരെ ജില്ലയിൽ ക്ലബ് രൂപീകരിച്ചു. ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെയും തൃശൂർ വിമല കോളേജിന്റെയും സംയുക്താഭിമുഖ്യത്തിലാണ് ക്ലബ് രൂപീകരിച്ചത്. അന്യ സംസ്ഥാന കുട്ടികളെ കൊണ്ടുവന്ന് ഭിക്ഷാടനത്തിനും ബാല വേലയ്ക്കും മറ്റുമായി ഉപയോഗിക്കുന്നതിനെതിരെയാണ് ഈ ക്ലബ് പ്രവർത്തിക്കുക. ശിശു സംരക്ഷണ യൂണിറ്റിന്റെ ശരണബാല്യ പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പിലാക്കുന്നത്. കോളേജുകളിലും സ്കൂൾ തലത്തിലും ക്ലബ്ബുകൾ രൂപീകരിച്ച് ഹ്യൂമൻ ട്രാഫിക്കിങ്ങിനെതിരെ ബോധവത്കരണം നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ജില്ലാ തല ആന്റി ഹ്യൂമൻ ട്രാഫിക്കിങ് ക്ലബ് ഭാരവാഹികളെ തിരഞ്ഞെടുത്തു. ജില്ലയിലെ എല്ലാ കോളേജുകളെയും, സ്കൂളുകളെയും ഇതിന്റെ ഭാഗമാക്കും. തൃശൂർ ചൈൽഡ് ലൈൻ വെൽഫെയർ കമ്മിറ്റി ചെയർമാൻ ഡോ കെ ജി വിശ്വനാഥൻ ക്ലബ്ബ് ഉദ്ഘാടനം ചെയ്തു. തൃശൂർ വിമല കോളേജ് പ്രിൻസിപ്പൽ ഡോ എസ് ആർ ബീന അധ്യക്ഷത വഹിച്ചു. തൃശൂർ വനിതാ സെൽ ഇൻസ്പെക്ടർ പ്രസന്ന അസൊറത്, ക്രൈം ബ്രാഞ്ച് എസ് ഐ ശിവാന്ദൻ, വിവിധ കോളേജ് പ്രതിനിധികൾ, വിദ്യാർത്ഥിനി വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# പ്രളയത്തിൽപ്പെടുന്നവരെ താമസിപ്പിക്കാൻ പ്രത്യേക ഷെൽട്ടർ: എ സി മൊയ്തീൻ

പ്രളയത്തിൽ പെടുന്നവരെ താമസിപ്പിക്കാൻ പ്രത്യേക ഷെൽട്ടർ സ്ഥാപിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ. തളിക്കുളം വൊക്കേഷ്ണൽ ഹയർ സെക്കണ്ടറി സ്ക്കൂളിലെ പുതിയ ക്ലാസ് കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. എം എൽ എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വിനിയോഗിച്ചാണ് പുതിയ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളുടെ വികസനത്തിനായി ആറായിരം കോടി രൂപയാണ് സർക്കാർ മാറ്റി വച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

വിദ്യാഭ്യാസ മികവിനൊപ്പം സ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് നാനൂറ് കോടി രൂപ കിഫ്ബി വഴി സർക്കാർ നൽകും. നവ കേരള സൃഷ്ടിയിൽ റോഡുകളുടെയും തൊഴിലവസരങ്ങളുടെയും വികസനം മാത്രമല്ല വിദ്യാഭ്യാസവും പ്രധാനമാണെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപിച്ചത് ഇന്ന് തിരിച്ചു കിട്ടുകയാണ്. ലഹരി വ്യാപനത്തിന്റെ കാരിയർമാരായി കുട്ടികളെ ഉപയോഗിക്കുന്നതിന് ജാഗ്രതയുണ്ടാകണം. സ്ക്കൂളുകളിലെ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ബിൻ സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞും. ഗീതാ ഗോപി എം എൽ എ അധ്യക്ഷത വഹിച്ചു. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ സുഭാഷിണി മഹാദേവൻ, ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മഞ്ജുള അരുണൻ ,പ്രധാനാധ്യാപിക കെ ടി വസന്തകുമാരി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# കുടുംബശ്രീ 75% തൊഴിലവസരങ്ങൾ ഉണ്ടാക്കിയത് അഭിനന്ദനീയം : ടി എൻ പ്രതാപൻ എം പി

കുടുംബശ്രീ മിഷൻ 75 ശതമാനത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിച്ചത് അഭിനന്ദനാർഹമെന്ന് ടി എൻ പ്രതാപൻ എം പി. കുടുംബശ്രീ സംസ്ഥാന, ജില്ലാ മിഷൻ പ്രവർത്തനങ്ങൾ 100ശതമാനം മികവുറ്റതെന്നും എം പി പറഞ്ഞു. പുതിയ തലമുറയുടെ അഭിരുചിക്കിണങ്ങിയ നൈപുണ്യ മേള സംഘടിപ്പിക്കുന്നതിനും കുടുംബശ്രീ മികവ് പുലർത്തിയെന്നും എം പി അഭിപ്രായപ്പെട്ടു. കുടുംബശ്രീ സംസ്ഥാന തല നൈപുണ്യ മേള ടാലെന്റോ 2019 ന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രാമീണ മേഖലയിലെ യുവതീ യുവാക്കൾക്ക് തൊഴിൽ മേഖലയിൽ വിദഗ്ധ പരിശീലനം നൽകുന്നതിനായി നടപ്പിലാക്കുന്ന നൈപുണ്യ വികസന പദ്ധതിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ യോജന. കസ്റ്റമർ കെയർ മേഖലയിൽ സംഘടിപ്പിച്ച വൈദഗ്ധ്യ മത്സരങ്ങളിൽ വിവിധ ജില്ലകളിലെ ട്രെയിനിങ് സെന്ററുകളിൽ നിന്നുള്ള മത്സരാർത്ഥികൾ പങ്കെടുത്തു. വിജയികൾക്കുള്ള സമ്മാനദാനം ടി എൻ പ്രതാപൻ എം പി നിർവഹിച്ചു. പദ്ധതിയുടെ പ്രചരണാർത്ഥം പുറത്തിറക്കിയ ഡോക്യുമെന്ററിയുടെ പ്രകാശനം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം പദ്മിനി ടീച്ചർ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയ പ്രകാശ് അധ്യക്ഷത വഹിച്ചു. കടപ്പുറം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി കെ ബഷീർ, എറിയാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ, കുടുംബശ്രീ മിഷൻ ജില്ലാ കോർഡിനേറ്റർ കെ വി ജ്യോതിഷ് കുമാർ, അസി കോ ഓർഡിനേറ്റർ ബൈജു മുഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു.

# തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവത്തിന് ഇന്ന് തുടക്കം

തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം - 2019 ന് ഇന്ന് ( നവംബർ 17 ന് )തുടക്കമാകും. തളിക്കുളം ഗവ.ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ രാവിലെ 10ന് ഗീതാ ഗോപി എംഎൽഎ ഉദ്ഘാടനം ചെയ്യും. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ സുഭാഷിണി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ മുഖ്യാതിഥിയാകും. 19 ന് വൈകിട്ട് അഞ്ചിന് സമാപനസമ്മേളനം തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് മെമ്പർ ശോഭ സുബിൻ മുഖ്യാതിഥിയാകും. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെയും തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിലാണ് കേരളോത്സവം സംഘടിപ്പിക്കുന്നത്.

# മാധ്യമ സ്വാതന്ത്ര്യം ഇല്ലാതാകുന്നത് ജനാധിപത്യത്തെ ദുർബലമാക്കുന്നു: ഡോ.സെബാസ്റ്റ്യൻ പോൾ

സ്വതന്ത്ര മാധ്യമ പ്രവർത്തനം ഉറപ്പു വരുത്തുന്നതിനായി രൂപം കൊടുത്തിട്ടുള്ള പ്രസ്സ് കൗൺസിൽ പോലുള്ള സ്ഥാപനങ്ങൾ ദുർബലമാകുന്നത് ജനാധിപത്യ സംവിധാനത്തിന് ഒരിക്കലും ഭൂഷണമല്ലെന്ന് മുൻ എംപിയും മാധ്യമ നിരീക്ഷകനുമായ സെബാസ്റ്റ്യൻ പോൾ. ഭരണഘടന സ്ഥാപനങ്ങൾ സ്വന്തം കർത്തവ്യങ്ങൾ വിസ്മരിക്കുന്നത് ഏകാധിപത്യപ്രവണതകളെ വളർത്തുന്നതിന് മാത്രമേ ഉപകരിക്കൂ. ദേശീയ പത്രദിനത്തിന്റെ ഭാഗമായി കേരള മീഡിയ അക്കാദമിയിൽ സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

മാധ്യമങ്ങൾക്ക് കൂച്ച് വിലങ്ങിടാനുള്ള ശ്രമങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ഇന്ന് രാജ്യത്ത് നടക്കുന്നുണ്ട്. മാധ്യമങ്ങളെ ഏതു വിധേനയും ചൊൽപ്പടിക്ക് നിർത്താനുള്ള അധികാര കേന്ദ്രങ്ങളുടെ നീക്കങ്ങളെ ശക്തമായി ചെറുക്കാനായില്ലെങ്കിൽ ജനാധിപത്യം, മതേതരത്വം തുടങ്ങി കാലങ്ങളായി സൂക്ഷിച്ചു പോന്ന മൂല്യങ്ങൾ നമുക്ക് എന്നന്നേയ്ക്കുമായി നഷ്ടപ്പെടും. ജനങ്ങളെ വിവരമറിയിക്കുക എന്ന ഭരണഘടനാപരമായ ഉത്തരവാദിത്വം നിറവേറ്റുന്ന മാധ്യമ പ്രവർത്തകർക്കെതിരെ കോടതികളിൽ കയ്യേറ്റമുണ്ടായപ്പോഴും പെയ്ഡ് ന്യൂസ് എന്ന അനാരോഗ്യകരമായ പ്രവണത മാധ്യമങ്ങളിൽ തലപൊക്കിയപ്പോഴും ശരിയായ രീതിയിൽ ഇടപെടുന്നതിൽ ഇന്ത്യയിലെ പ്രസ് കൗൺസിൽ പരാജയപ്പെട്ടതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

ചരിത്രത്തോട് നീതി പുലർത്തി വേണം ദേശീയ പത്രദിനം ആചരിക്കാൻ. ഇന്ത്യൻ മാധ്യമ ചരിത്രത്തിന് മറക്കാനാവാത്ത സംഭാവനകൾ നൽകിയ ധീരനും ക്രാന്തദർശിയുമായ ജെയിംസ് അഗസ്റ്റസ് ഹിക്കിയെ അനുസ്മരിക്കാനുള്ള അവസരമായിക്കണ്ട് അദ്ദേഹത്തിന്റെ പത്രം ഹിക്കീസ് ബംഗാൾ ഗസറ്റ് പുറത്തു വന്ന ജനുവരി 29 ന് ദേശീയ മാധ്യമദിനമായി ആചരിക്കുന്നതായിരിക്കും ഉചിതമെന്നും ഡോ.സെബാസ്റ്റ്യൻ പോൾ അഭിപ്രായപ്പെട്ടു.

കേരള മീഡിയ അക്കാദമി സെക്രട്ടറി ചന്ദ്രഹാസൻ വടുതല അധ്യക്ഷത വഹിച്ചു. കേരള മീഡിയ അക്കാദമി ജേർണലിസം വിഭാഗം അദ്ധ്യാപിക കെ.ഹേമലത സ്വാഗതം പറഞ്ഞ ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ ഡോ.എം.ശങ്കർ, ഫോട്ടോജേർണലിസം വിഭാഗം കോ ഓർഡിനേറ്റർ ലീൻ തോബിയാസ്, പബ്ലിക് റിലേഷൻസ് വിഭാഗം അദ്ധ്യാപിക വി.ജെ.വിനീത എന്നിവർ ആശംസയും ജേർണലിസം കമ്മ്യൂണിക്കേഷൻ വിഭാഗം വിദ്യാർത്ഥി വിപിൻ ദാസ് നന്ദിയും പറഞ്ഞു.

# സൗജന്യ പരിശീലനം

ന്യൂനപക്ഷ ക്ഷേമ വകുപ്പ് കൊടുങ്ങല്ലൂർ കോച്ചിങ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്സിൽ ആരംഭിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയ്ക്കുള്ള സൗജന്യ പരിശീലനത്തിന് ന്യൂനപക്ഷ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ബിരുദമാണ് യോഗ്യത. താൽപര്യമുള്ള വർ നവംബർ ഇരുപതിനകം രജിസ്റ്റർ ചെയ്യണം. പരിശീലനം പൂർണ്ണമായും സൗജന്യമാണ്. അപേക്ഷ യോടൊപ്പം രണ്ട് ഫോട്ടോ, തിരിച്ചറിയൽ കാർഡ്, സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് നൽകണം. അപേക്ഷഫോറത്തിനും വിശദവിവരങ്ങൾക്കും പരിശീലനകേന്ദ്രവുമായി നേരിട്ടോ ഫോൺ മുഖേ നയോ ബന്ധപ്പെടണം. വിലാസം: കോച്ചിങ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്സ്, ചേരമാൻ ജുമാ മസ്ജിദ് ബിൽഡിങ്, കൊടുങ്ങല്ലൂർ, തൃശൂർ. ഫോൺ: 0480 2804859, 9400976839, 9037902372.

# അപ്പൻ തമ്പുരാൻ അനുസ്മരണം 19 ന്

മലയാള കൈരളിയുടെ സാംസ്കാരിക ഈടുവെപ്പുകളുടെയും സകലകലകളുടെയും സാഹിത്യ ഇടപെടലുകളുടെയും അത്താണിയായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത അപ്പൻ തമ്പുരാൻ ഓർമ്മകൾക്ക് 78 വയസ്സ്. ഐകര്യകേരളമെന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാൻ സർവതലത്തിൽ പ്രയ്തനിക്കുകയും സാഹിത്യം, സംഗീതം, നാട്യകല, ചിത്രമെഴുത്ത്, അച്ചടി, പ്രസി ദ്ധീകരണം, പത്രപ്രവർത്തനം തുടങ്ങി സമസ്തമേഖലകളിൽ അമൂല്യ സംഭാവനകൾ നൽകുകയും ചെയ്ത അപ്പൻ തമ്പുരാന്റെ 78-ാമത് അനുസ്മരണം ചൊവ്വാഴ്ച (നവംബർ 19) രാവിലെ 10 ന് അയ്യ ന്തോളിൽ നടക്കും. അപ്പൻ തമ്പുരാൻ വസതിയും ഇപ്പോൾ കേരള സാഹിത്യ അക്കാദമിയുടെ ആനു കാലിക ഗ്രന്ഥാലയവുമായി പ്രവർത്തിക്കുന്ന കുമാര മന്ദിരപരിസരത്താണ് അനുസ്മരണ ചടങ്ങുകൾ നടക്കുക. രാമവർമ്മ അപ്പൻ തമ്പുരാൻ സമാധിയിൽ കേരള സാഹിത്യ അക്കാദമി നേതൃത്വത്തിൽ പുഷ്പാർച്ചനയും അനുസ്മരണ യോഗവും നടക്കും. അപ്പൻ തമ്പുരാന്റെ സ്മരണാർത്ഥം ഇന്ത്യൻ തപാൽ വകുപ്പിന്റെ മൈസ്റ്റാമ്പ് പദ്ധതി വഴി ശക്തൻ തമ്പുരാൻ കോളേജ് പുറത്തിറിക്കുന്ന തപാൽ സ്റ്റാമ്പിന്റെ പ്രകാശനവും അന്ന് നടക്കും.

കേരള സാഹിത്യ അക്കാദമിയുടെ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലൈബ്രറിയാണ് കുമാര മന്ദിരത്തിൽ പ്രവൃത്തിക്കുന്നത്. അപ്പൻ തമ്പുരാൻ വസതി ഇന്ന് പതിനായിരത്തിലേറെ ആനു കാലികശേഖരങ്ങളുള്ള ഗ്രന്ഥശാലയായി മാറി. വിശേഷാൽ പതിപ്പുകളും വിവിധ സാഹിത്യകാരന്മാ രുടെ പുസ്തക ശേഖരങ്ങളും അപ്പൻ തമ്പുരാന്റെ പഠനശേഖരങ്ങളും ഗവേഷണകുറിപ്പുകളും മാപ്പു കളും സെക്ച്ചുകളും അനുബന്ധ ഉപകരണങ്ങളും അയ്യന്തോൾ അപ്പൻ തമ്പുരാൻ സ്മാരകത്തെ വ്യത്യസ്തമാക്കുന്നു. ഗവേഷകരുടെ ഇഷ്ടകേന്ദ്രമാണിവിടുത്തെ ലൈബ്രറി. ആദ്യകാല മാസികളായ മംഗളോദയം, ഉണ്ണിനമ്പൂതിരി, മിതവാദി, സഹോദരൻ, വിദ്യാവിനോദിനി തുടങ്ങി അമൂല്യമായ നിര വധി മാസികാശേഖരം ഇവിടെയുണ്ട്.

കേരളവർമ്മ വലിയകോയി തമ്പുരാൻ, ജോസഫ് മുണ്ടശ്ശേരി, ആറ്റൂർ കൃഷ്ണപിഷാരടി, ടി എൻ ചുമ്മാർ, പി എ മേനോൻ, കാറളം ബാലകൃഷ്ണൻ, ജി കുമാരപിള്ള തുടങ്ങിയവരുടെ പുസ്തകശേഖരവും അവരുപയോഗിച്ച വസ്തുക്കളും ഈ ഗ്രന്ഥശാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

മലയാള സാഹിത്യ സംസ്കൃതിയുടെ സംരക്ഷണശാലയായി മുന്നോട്ട് പോവുന്നു. അപ്പൻ തമ്പുരാന്റെ 78-ാം അനുസ്മരണ കാലത്തും കേരള സാഹിത്യ അക്കാദമിയുടെ കീഴിലുള്ള ഈ കുമാര മന്ദിരം.

# യൂണിവേഴ്സിറ്റി ആൻഡ് ഫുഡ്സേഫ്റ്റി
# അപ്പലേറ്റ് ട്രിബ്യൂണൽ 29 ന്

യൂണിവേഴ്സിറ്റി ആൻഡ് ഫുഡ്സേഫ്റ്റി അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഔദ്യോഗിക ക്യാമ്പ് നവംബർ 29 ന് തൃശ്ശൂർ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിൽ നടക്കും. ഈ ദിവസങ്ങളിലേക്ക് തീരുമാനിച്ചിരിക്കുന്ന കേസുകളുടെ വാദം കേൾക്കുന്നതോടൊപ്പം കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ, ഇടുക്കി, എറണാകുളം ജില്ലകളിലെ ഫുഡ്സേഫ്റ്റി ആക്ട് 2006 ന്റെ പരിധിയിൽ വരുന്ന കേസുകളും യൂണിവേഴ്സിറ്റി കേസുകളും അപ്പീൽ ചട്ടങ്ങൾക്കനുസൃതമായി ഫയലിൽ സ്വീകരിക്കും.